**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2328654**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

# KERALA WATER AUTHORITY

**Jalabhavan**
**Thiruvananthapuram – 695033**
**Kerala - India**

**മാനേജിങ് ഡയറക്ടറുടെ നടപടിക്രമം**

## ഹാജർ : Bhandari Swagat Ranveerchand IAS

വിഷയം:-. കേരളവാട്ടർഅതോറിറ്റി-ആർ.എം.സി -കുടുംബശ്രീ മീറ്റർ റീഡർമാർക്കു സെയിം റീഡിങ്, ഫോൾട്ടി മീറ്റർ,നോട്ട് ക്ലിയർ എന്നീ റീഡിങ് സാഹചര്യങ്ങളിൽ വേതനം നൽകുന്നത് സംബന്ധിച്ച്

---

I/28332/2023 26-08-2023

---

പരാമർശം 13/06/2023-ആം തീയതി മാനേജിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ മിനുട്സ്

**ഉത്തരവ്**

കുടുംബശ്രീ മീറ്റർ റീഡർമാരുടെ വേതന നിരക്ക്, ചുമതലകൾ എന്നിവ 18/06/2008-ലെ കുടുംബശ്രീയും കേരള വാട്ടർ അതോറിറ്റിയും തമ്മിലുള്ള ധാരണാപത്രം അനുസരിച്ചാണ് നിശ്ചയിച്ചിട്ടുള്ളത്. ആയത് പ്രകാരം ഡോർ ലോക്ക്ഡ്, സെയിം റീഡിങ്, നോട്ട് ക്ലിയർ,ഫോൾട്ടി മീറ്റർ എന്നീ റീഡിങ്ങുകൾക്ക് വേതനം നൽകുന്നില്ല. അതിനാൽ ഈ കണക്ഷനുകളിൽ പരിശോധനകൾ പലപ്പോഴും കാര്യക്ഷമമായി നടക്കുന്നില്ല ഈ സാഹചര്യം മൂലം ചില പ്രദേശങ്ങളിൽ എങ്കിലും ജല ദുരുപയോഗവും മറ്റും നടക്കുന്നുണ്ടോ എന്ന കാര്യം സമയബന്ധിതമായി പരിശോധിക്കുവാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടതിനാൽ ഈ വിഷയം റെവന്യൂ മീറ്റിംഗുകളിൽ നടത്തിയ ചർച്ചകളിൽ ഇങ്ങനെയുള്ള കണക്ഷനുകൾ നിരന്തരം ശ്രദ്ധിക്കേണ്ട ആവശ്യകത ഉണ്ട് എന്ന് മീറ്റർ റീഡർമാർക്ക് കർശന നിർദേശം നൽകുകയുണ്ടായി.

കുടുംബശ്രീ മീറ്റർ റീഡർമാർക്ക് ഇങ്ങനെയുള്ള കണക്ഷനുകൾ പരിശോധിക്കുന്നതിനായി ഒരു പ്രത്യേക നിരക്ക് നൽകിയാൽ ഇങ്ങനെയുള്ള ദുരുപയോഗങ്ങൾ തടയുവാൻ കഴിയും എന്ന നിർദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, സൂചന പ്രകാരം നടന്ന യോഗത്തിൽ, കുടുംബശ്രീ മീറ്റർ റീഡർമാർക്ക് സെയിം റീഡിങ്, നോട്ട് ക്ലിയർ, ഫോൾട്ടി മീറ്റർ എന്നീ സാഹചര്യങ്ങളിൽ നൽകുന്ന വേതനം സംബന്ധിച്ച് താഴെ പറയുന്ന മാറ്റങ്ങൾ വരുത്തുന്നതിനു തീരുമാനിക്കുകയുണ്ടായി.

1. കുടുംബശ്രീ മീറ്റർ റീഡർമാർക്ക് സെയിം റീഡിങ്, നോട്ട് ക്ലിയർ, ഫോൾട്ടി മീറ്റർ എന്നീ സാഹചര്യങ്ങളിൽ ആദ്യത്തെ രണ്ട് റീഡിങ്ങിനു നിലവിലുള്ള റീഡിങ് വേതന നിരക്കിന്റെ 50% അനുവദിച്ചിരിക്കുന്നു

2. ഇതേ സാഹചര്യത്തിൽ തുടരുന്ന മൂന്നാമത്തെ റീഡിങ്ങിന് നിലവിലുള്ള റീഡിങ് വേതനനിരക്കിന്റെ 25% അനുവദിച്ചിരിക്കുന്നു

3. മൂന്ന് റീഡിങ്ങിനു ശേഷവും ഇതേ നില തുടരുന്ന കണക്ഷനുകളിൽ റീഡിങ്ങിനു തുക അനുവദിക്കുന്നതല്ല.

4.മുകളിൽ പറഞ്ഞ 3 സാഹചര്യങ്ങളിലും ടി റീഡിങ്ങുകൾ അസിസ്റ്റൻറ് എഞ്ചിനീയർ / മീറ്റർ ഇൻസ്‌പെക്ടർ ടെസ്റ്റ് ചെക്ക് ചെയ്യേണ്ടതാണ്

5. മൂന്ന് റീഡിങ്ങിന് ശേഷവും ഇതേ നില തുടരുന്ന കണക്ഷനുകളിൽ തൽസ്ഥിതിയിൽ വ്യത്യാസം വരുന്നത് വരെ പൂർണമായോ ഭാഗികമായോ അസി .എൻജിനീയർ / മീറ്റർ ഇൻസ്‌പെക്ടർമാർ എന്നിവർ മീറ്റർ സ്റ്റാറ്റസ് പരിശോധിക്കേണ്ടതാണ്.

ടി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ/റവന്യൂ ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

Signed by
Bhandari Swagat Ranveerchand
Date: 26-08-2023 12:57:32

To ചീഫ് എൻജിനീയർ ദക്ഷിണ/മധ്യഉത്തര മേഖല തിരുവനന്തപുരം/കൊച്ചി/കോഴിക്കോട്.

പകർപ്പ്
എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
എല്ലാ ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർമാർക്കും
എല്ലാ അക്കൗണ്ട്സ് ഓഫീസർമാർക്കും
എല്ലാ റവന്യൂ ഓഫീസർമാർക്കും.
എക്സിക്യൂട്ടീവ് എൻജിനീയർ (ഓപ്പറേഷൻസ് ) ജലഭവൻ ,ഇത് സംബന്ധിച്ചുള്ള മാർച്ച് സോഫ്റ്റ്‌വെയർ -നിരക്കുകൾ പുതുക്കുന്നതിനായി -50% നിരക്കുകൾ, 25 % നിരക്കുകൾ നൽകുന്ന റീഡിങ്ങുകൾ പ്രത്യേകം മാർക്ക് ചെയ്യേണ്ടതാണ് .